A

सम्रग शिक्षा केरल / Samagra Shiksha Kerala / സമഗ്ര ശിക്ഷാ കേരളം

**603**

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ I 2026-2027

## ഗണിതം


**ക്ലാസ്: 6** | **സമയം: 2 മണിക്കൂർ 15 മിനിറ്റ്**

### നിർദേശങ്ങൾ

1. ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
2. 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
3. 2, 4 എന്നിവയിൽ ഓരോന്നിലും 2 ചോദ്യങ്ങൾ വീതം ഉണ്ട്. അതിൽ ഒന്നു മാത്രം എഴുതിയാൽ മതി.

---

1. ഈ ചിത്രം നോക്കൂ.




a) ഈ ചിത്രവുമായി ബന്ധപ്പെട്ട് ചില പ്രസ്താവനകൾ കൊടുത്തിരിക്കുന്നു.

i. ഈ ചിത്രത്തിലെ ഒരു കോൺ മട്ടകോണിനേക്കാൾ കൂടുതലാണ്.

ii. ഈ ചിത്രത്തിലെ മൂന്നു കോണുകൾ മട്ടകോണിനേക്കാൾ കുറവാണ്.

iii. ഈ ചിത്രത്തിലെ രണ്ടു കോണുകൾ മട്ടകോണിനേക്കാൾ കുറവാണ്.


താഴെ കൊടുത്തവയിൽ ശരിയേതാണ്?

A. പ്രസ്താവന (i), (ii) ശരിയാണ്. B. പ്രസ്താവന (i), (iii) ശരിയാണ്.

C. പ്രസ്താവന (ii), (iii) ശരിയാണ്. D. പ്രസ്താവന (i) മാത്രം ശരിയാണ്.


b) മുകളിലെ ചിത്രത്തിലെ ഏറ്റവും വലിയ കോൺ അളന്നെഴുതുക.

c) ചുവടെയുള്ള ചിത്രം അതേ അളവിൽ വരയ്ക്കുക.




രണ്ടാമത്തെ ചോദ്യത്തിൽ രണ്ട് ചോദ്യങ്ങളുണ്ട് (2 A യും 2 B യും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

2.A. a) ചുവടെ കൊടുത്തിരിക്കുന്ന ചിത്രം വരച്ച് ഷെയ്ഡ് ചെയ്ത് ഭംഗിയാക്കുക.



b) ചുവടെയുള്ള വൃത്തത്തിന്റെ $\frac{1}{6}$ ഭാഗം ഷെയ്ഡ് ചെയ്തിരിക്കുന്നു.



ഷെയ്ഡ് ചെയ്ത ഭാഗത്തിന്റെ കോണളവ് ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

A. $360° \times 6$


B. $360° \div 6$

C. $180° \div 6$

D. $180° \times 6$

അല്ലെങ്കിൽ

2.B. a) താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ വൃത്തത്തിന്റെ ഷെയ്ഡ് ചെയ്ത ഭാഗത്തെ സംബന്ധിച്ച് ശരിയായത് ഏത്?




A. വൃത്തത്തിന്റെ $\frac{1}{3}$ ഭാഗം ആണ്.

B. വൃത്തത്തിന്റെ $\frac{3}{10}$ ഭാഗം ആണ്.

C. വൃത്തത്തിന്റെ $\frac{3}{8}$ ഭാഗം ആണ്.

D. വൃത്തത്തിന്റെ $\frac{3}{5}$ ഭാഗം ആണ്.

b) ഒരു വൃത്തം വരച്ച് അതിന്റെ $\frac{4}{9}$ ഭാഗം നിറം കൊടുക്കുക.

3. ഒരേ പോലുള്ള കുറേ ആപ്പിളുകൾ ഓരോന്നും നാല് സമഭാഗങ്ങളാക്കി ഒരു പാത്രത്തിൽ വച്ചിരിക്കുന്നു.

a) സുമേഷ് അതിൽ നിന്നും 9 കഷണങ്ങൾ എടുത്തു. സുമേഷിന് എത്ര ആപ്പിളുകൾ കിട്ടി?

b) ദിവ്യക്ക് $3\frac{1}{4}$ ആപ്പിൾ കിട്ടി. ദിവ്യ എത്ര കഷണങ്ങളാണ് എടുത്തത്?

c) സുമേഷും ദിവ്യയും കൂടി എടുത്തത് എത്ര ആപ്പിളുകളാണ്?

d) $\frac{14}{5}$ ന് തുല്യമായത് ഏത്?

A. $1\frac{4}{5}$ B. $10\frac{4}{5}$ C. $2\frac{4}{5}$ D. $3\frac{4}{5}$

**നാലാമത്തെ ചോദ്യത്തിൽ രണ്ട് ചോദ്യങ്ങളുണ്ട് (4 A യും 4 B യും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.**

4.A. a) ചുവടെ തന്നിരിക്കുന്ന പ്രസ്താവനകൾ നോക്കൂ.

പ്രസ്താവന 1 : $\frac{4}{20}$ എന്നത് $\frac{1}{5}$ ന്റെ മറ്റൊരു രൂപമാണ്.

പ്രസ്താവന 2 : $\frac{4}{20}$ എന്ന ഭിന്നസംഖ്യയുടെ അംശത്തേയും ഛേദത്തെയും ഒരേ സംഖ്യ കൊണ്ട് ഹരിച്ചാൽ $\frac{1}{5}$ കിട്ടും.

ചുവടെ കൊടുത്തവയിൽ ശരിയേത്?

A. പ്രസ്താവന 1 ശരി, പ്രസ്താവന 2 തെറ്റ്

B. പ്രസ്താവന 1 തെറ്റ്, പ്രസ്താവന 2 ശരി

C. പ്രസ്താവന 1 ഉം, 2 ഉം ശരി

D. പ്രസ്താവന 1 ഉം, 2 ഉം തെറ്റ്

b) $\frac{1}{2}, \frac{1}{7}$ എന്നീ ഭിന്നസംഖ്യകളുടെ പല രൂപങ്ങളിൽ ഒരേ ഛേദമുള്ള രണ്ടു രൂപങ്ങൾ എഴുതുക.

c) 96 സെന്റിമീറ്റർ നീളമുള്ള ഒരു റിബൺ തുല്യ നീളമുള്ള 6 കഷണങ്ങളാക്കിയാൽ ഒരു കഷണത്തിന്റെ നീളം എത്ര?

**അല്ലെങ്കിൽ**

4.B. കോളം A യിൽ ഉള്ള ഭിന്നസംഖ്യകളുടെ മറ്റൊരു രൂപമാണ് കോളം B യിൽ ഉള്ളത്.

| A | B |
|---|---|
| a. $\frac{5}{7}$ | 1. $\frac{3}{11}$ |
| b. $\frac{2}{5}$ | 2. $\frac{10}{14}$ |
| c. $\frac{6}{22}$ | 3. $\frac{4}{10}$ |

a) ഇവ ശരിയായി യോജിപ്പിച്ചത് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

A. a - 2, b - 1, c - 3 B. a - 1, b - 2, c - 3


C. a - 3, b - 1, c - 2 D. a - 2, b - 3, c - 1

b) തന്നിരിക്കുന്ന ഭിന്നസംഖ്യകളുടെ ലഘുരൂപം എഴുതുക.

(i) $\frac{42}{72}$ (ii) $\frac{18}{81}$

c) 30 ലിറ്റർ വെളിച്ചെണ്ണ തുല്യ അളവുള്ള 9 കുപ്പികളിൽ നിറച്ചാൽ ഒരു കുപ്പിയിൽ എത്ര ലിറ്റർ വെളിച്ചെണ്ണ ഉണ്ടാകും? അത്തരം 3 കുപ്പികളിൽ ആകെ എത്ര ലിറ്റർ വെളിച്ചെണ്ണ ഉണ്ടാകും?

5. ചുവടെയുള്ള ചിത്രം നോക്കൂ. 2 സെന്റിമീറ്റർ വീതം വശങ്ങളുള്ള ചെറിയ സമചതുരക്കട്ടകൾ ചേർത്തു വച്ചാണ് വലിയ ചതുരക്കട്ട നിർമ്മിച്ചിട്ടുള്ളത്.



a) വലിയ ചതുരക്കട്ടയിൽ എത്ര ചെറിയ സമചതുരക്കട്ടകൾ ഉണ്ട്?


b) ഒരു ചെറിയ സമചതുരക്കട്ടയുടെ വ്യാപ്തം എത്രയാണ്?

c) വലിയ ചതുരക്കട്ടയുടെ വ്യാപ്തം എത്ര ഘനസെന്റിമീറ്ററാണ്?

d) 2 മീറ്റർ നീളവും 2 മീറ്റർ വീതിയുമുള്ള ഒരു ടാങ്കിൽ 12000 ലിറ്റർ വെള്ളം കൊള്ളും. ടാങ്കിന്റെ ഉയരം എത്ര മീറ്ററാണ്?

(1 ഘന മീറ്റർ = 1000 ലിറ്റർ)

6.




80 സെന്റിമീറ്റർ നീളവും 20 സെന്റിമീറ്റർ വീതിയും 25 സെന്റിമീറ്റർ ഉയരവും ഉള്ള ഒരു അക്വേറിയത്തിൽ കുറെ വെള്ളമുണ്ട്. അതിൽ ഒരു വശം 10 സെന്റിമീറ്ററായ ഒരു സമചതുരക്കട്ട താഴ്ത്തിയപ്പോൾ അക്വേറിയം നിറഞ്ഞു.

a) അക്വേറിയത്തിന്റെ ഉള്ളളവ് എത്ര?

b) സമചതുരക്കട്ടയുടെ വ്യാപ്തം എത്ര?

c) അക്വേറിയത്തിലുള്ള വെള്ളം എത്ര ലിറ്ററാണ്?

(1000 ഘന സെന്റിമീറ്റർ = 1 ലിറ്റർ)